ISSN: 2349 - 0217

# CARMEL BLAZE

## A JOURNAL OF MULTIDISCIPLINARY RESEARCH

LIGHT & LOVE

CARMEL COLLEGE MALA

CARMEL COLLEGE
(AUTONOMOUS)
MALA - 680732

Volume 14 Issue 1 July 2022

# CONTENTS


1. **Chemical Synthesis and Functionalization of Cobalt Ferrite Nanoparticles with Ascorbic Acid..........................................01**
   *Anishma Anto, Anirudhan S, Amuja T R and Ajalesh B Nair*

2. **Stress Imparting Concentrations of NaCl in Different Rice Varieties..................................................................20**
   *Dhanya Thomas T T and Jos T Puthur*

3. കാത്തിരിപ്പിന്റെ ചരിത്രാത്മകത..............................................35
   ഡോ. അനീഷ് പോൾ

4. **Tradition and Culture of Latin Catholics in Kerala...........54**
   *Lilia Johns*

5. **Lead Free Radiopacifiers for Clinical X-RAYS ..................64**
   *Nisha Nandakumar, Philip kurian*

6. **Comparative Study of Dermatoglyphic Patterns in Normal and Prader-Willi Syndrome................................................81**
   *Rakhi Radhakrishnan, Aswathy Shaju, Swetha R.*

7. **Rao Bahadur V.V Govindan; An Elapsed Social Reformer From the Fishing Community of Kerala...........................97**
   *Swapna K.P*

8. **Visual Question Answering...................................................111**
   *Lakshmi Anand.*

9. ഗൾഫ് റേഡിയോ :ചരിത്രവും സംസ്കാരനിർമ്മിതിയും........................127
   ഡോ. ജൈനി മോൾ കെ.വി.

# ഗൾഫ് റേഡിയോ : ചരിത്രവും സംസ്കാരനിർമ്മിതിയും

ഡോ. ജൈനി മോൾ കെ.വി.
അസി. പ്രൊഫ. മലയാളവിഭാഗം
സി.എ.എസ്.കോളേജ് മാടായി

തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് ജന്മദേശത്തുനിന്നും പലായനം ചെയ്യാൻ (Diasporience) വിധിക്കപ്പെട്ട ജൂത ജനതയുമായി ബന്ധപ്പെട്ടാണ് 'പ്രവാസം' എന്ന പദം കടന്നുവരുന്നത്. അന്യദേശങ്ങളിൽ ജോലി ചെയ്യുന്നവരെ സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ഒരു സംജ്ഞയായി ഇന്ന് ഈ പദം മാറി. ബ്രിട്ടീഷ് കോളനി കാലഘട്ടത്തിൽത്തന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും ഇന്ത്യക്കാർ യാത്ര ചെയ്തുതുടങ്ങി. മലയാളികളും തമിഴരും പഞ്ചാബികളും ഗുജറാത്തികളുമാണ് ഇതിൽ മുന്നിൽ നിൽക്കുന്നത്. ആദ്യകാലത്ത് അതിജീവനത്തിനായുള്ള പ്രവാസമായിരുന്നുവെങ്കിൽ പിന്നീട് ധനസമ്പാദനത്തിനുള്ള മാർഗ്ഗം എന്ന നിലയിലേക്ക് അത് മാറി.

സമ്പന്നമായ ഒരു പ്രവാസ പാരമ്പര്യമാണ് ഇന്ത്യക്കാർക്ക് പ്രത്യേകിച്ച് മലയാളികൾക്ക് ഗൾഫ് രാജ്യങ്ങളിലുള്ളത്. 1970 കളോടെയാണ് ഈ മേഖലയിലേക്കുള്ള പ്രവാസം ശക്തമാകുന്നത്. എണ്ണ ഖനനം, കെട്ടിടനിർമ്മാണം തുടങ്ങിയ തൊഴിലുകൾ ചെയ്യുന്നതിനായി ധാരാളം മലയാളികൾ എത്തിച്ചേർന്നു. ധനസമ്പാദനം, ദാരിദ്ര്യം, തൊഴിലില്ലായ്മ എന്നിങ്ങനെ അനവധി കാരണങ്ങളുണ്ട് ഈ പ്രവാസത്തിനുപിന്നിൽ. ഇവരോരുത്തരുടെയും ജീവിതാവശ്യങ്ങൾ വ്യത്യസ്തമാണ്. ആദ്യകാലങ്ങളിൽ കുടിയേറിപ്പാർത്തവരുടെ ഇവിടങ്ങളിലെ ജീവിതം താൽക്കാലികസ്വഭാവമുള്ളതായിരുന്നു. സ്വന്തം ദേശത്തേക്ക് മടങ്ങാനുള്ള ത്വര ഗൾഫ് പ്രവാസിസമൂഹത്തിൽ തുടക്കംമുതൽ നിലീനമായിട്ടുണ്ട്.